# File No.LSGD-EPB2/261/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി. ഷീജാമോൾ എൻ.ആർ ഫയൽ ചെയ്ത ഒ.എ 2165/2019 നമ്പർ കേസിന്മേലുള്ള 31/10/2019 തീയതിയിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.877/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 15/04/2021

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 17/08/2019 ലെ ഡി3/8078/2017-D3(DP) നമ്പർ നടപടിക്രമം

2 ശ്രീമതി. ഷീജാമോളുടെ 26.08.2019, 2/12/2019 തീയതികളിലെ അപേക്ഷ

3 ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ 2165/2019 നമ്പർ കേസിന്മേലുള്ള 31/10/2019 തീയതിയിലെ വിധിന്യായം

4 പഞ്ചായത്ത് ഡയറക്ടറുടെ 25/11/2020 ലെ പി.എ.എൻ /17302/2019-D3(DP) നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമ പഞ്ചായത്ത് ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.കെ. വിക്രമൻ പിള്ളയുടെ സേവനപുസ്തകത്തിൽ ക്രമപ്രകാരമല്ലാതെ രേഖപ്പെടുത്തലുകൾ വരുത്തിയെന്ന ടിയാന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ടി നടപടികൾക്കുത്തരവാദിയായ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി. ഷീജാമോൾ . എൻ.ആർ നെതിരെ 1960 ലെ കെ . സി . എസ് ( സി . സി & എ ) ചട്ടം 15 പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. തുടർന്ന് ശ്രീ.കെ. വിക്രമൻ പിള്ളയുടെ സേവനപുസ്തകത്തിൽ ക്രമപ്രകാരമല്ലാതെ വരുത്തിയ രേഖപ്പെടുത്തലുകൾ, നിലവിലുള്ള ഉൾകുറിപ്പുകളിൽ യാതൊരു വിധ തിരുത്തലുകളോ അടയാളപ്പെടുത്തലുകളോ വരുത്താതെ മറ്റൊരു രേഖപ്പെടുത്തലിലൂടെ റദ്ദ് ചെയ്ത സാക്ഷ്യപ്പെടുത്തുന്നതിന് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു .

1997 ലെ കേരള പഞ്ചായത്ത് രാജ് ( ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം ) ചട്ടങ്ങൾ 5 പ്രകാരം ശ്രീ വിക്രമൻപിള്ളയ്ക്കെതിരെ പഞ്ചായത്ത് അച്ചടക്കനടപടി സ്വീകരിക്കുകയോ ശിക്ഷ ചുമത്തുകയോ ചെയ്യാതിരിക്കെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 10.10.2016 ൽ എ 4-2962/2016 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചതും ടിയാന്റെ സേവനപുസ്തകത്തിൽ നിയമാനുസൃതമല്ലാത്ത രേഖപ്പെടുത്തൽ വരുത്തിയതും ഗുരുതരമായ വീഴ്ചയാണ് .

എന്നാൽ ഷീജാമോൾ സമർപ്പിച്ച മറുപടിയിൽ ഒരു ജീവനക്കാരനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും സാധാരണ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്താറുണ്ടെന്നും , ടി വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റി സ്വീകരിച്ച ഒരു നടപടി / തീരുമാനം അതുപോലെ ടിയാന്റെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുക മാത്രമാണ് ചെയ്തതെന്നും തെറ്റായ ഒരു വിവരവും അതിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും , ആദ്യമായി സെക്രട്ടറിയായി ഏതാനും മാസങ്ങൾക്കുള്ളിൽ നടന്ന ഒരു വിഷയമായതിനാൽ സെക്രട്ടറി തസ്തികയിലുള്ള പരിചയ കുറവുമൂലം നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പൂർണ്ണമായി ബോധ്യമില്ലായിരുന്നുവെന്നും ആയതിനാൽ വന്നുപോയ വീഴ്ച ഗുരുതരമായി കാണരുതെന്നും അച്ചടക്കനടപടികൾ സ്വീകരിക്കരുതെന്നും മേൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതെ പ്രത്യേകം ശ്രദ്ധിച്ചുകൊള്ളാമെന്നും അറിയിച്ചിരുന്നു .

തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ കുറിക്കും പ്രകാരം അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ശിക്ഷ വിധിക്കാത്ത സാഹചര്യത്തിൽ സെക്രട്ടറി 01.06.2016 ൽ എ 4-2962/16 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചതും , ടിയാന്റെ സേവനപുസ്തകത്തിൽ അതു സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയതും താക്കീത് എന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം ചട്ടങ്ങൾ) ചട്ടങ്ങൾ 4 ഉപചട്ടം (1) പ്രകാരം ചുമത്താവുന്ന ഒരു ശിക്ഷ അല്ലാതിരിക്കെ നാവായിക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീമതി. ഷീജാമോൾ ടിയാരിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ കെ . വിക്രമൻപിള്ളയുടെ സേവനപുസ്തകത്തിൽ വരുത്തിയിട്ടുള്ള രേഖപ്പെടുത്തൽ നിയമാനുസൃതമല്ലെന്നും റിപ്പോർട്ട് ചെയ്തിരുന്നു .

ശ്രീമതി എൻ . ആർ . ഷീജമോൾ സമർപ്പിച്ച മറുപടിയിൽ എതിർവാദ പത്രികയിൽ പറയുന്ന വസ്തുതകൾ പരിഗണിക്കാതെയാണ് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതെന്നും സ്വാഭാവിക നീതി നിഷേധിക്കപ്പെട്ടുവെന്നും അന്വേഷണ ഉദ്യോഗസ്ഥർ മനസ്സിരുത്തി വസ്തുതകൾ മനസ്സിലാക്കിയില്ലായെന്നും ശിക്ഷിക്കണം എന്ന ഉദ്ദേശത്തോടെ യാന്ത്രികമായി നിഗമനത്തിലെത്തുകയായിരുന്നുവെന്നും ശ്രീ വിക്രമൻ പിള്ളയുടെ സേവനപുസ്തകത്തിലെ രേഖപ്പെടുത്തലുകൾ 'misconduct' ൽ ഉൾപ്പെടുന്നതല്ലായെന്നും അന്വേഷണ ഉദ്യോഗസ്ഥർ അത് misconduct' ആയി തെറ്റിദ്ധരിച്ച് അച്ചടക്കനടപടികൾ ആരംഭിച്ചതാണെന്നും ഒരു ജീവനക്കാരന്റെ ഭരണനടപടികൾ ഒരു വകുപ്പിന് ഹാനികരമാകുമ്പോഴോ , അല്ലെങ്കിൽ സാമ്പത്തിക നഷ്ടം വരുത്തുമ്പോഴോ മാത്രമേ 'misconduct' ആരോപിക്കാവൂ എന്നും ആരോപണ വിഷയം നിസ്സാരമായ ഒരു തെറ്റ് ആയി കണ്ട് അച്ചടക്കനടപടികളിൽ നിന്നും ഒഴിവാക്കി നൽകണമെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത എതിർ വാദ

പത്രികയിന്മേൽ തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീമതി എൻ . ആർ . ഷീജാമോൾ നൽകിയ മറുപടി നാവായിക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ 01.06.2016 ലെ എ 4-2962/16- ാം നമ്പർ ഉത്തരവു പ്രകാരം ജൂനിയർ സൂപ്രണ്ട് ശ്രീ വിക്രമൻ പിളളയുടെ സേവനപുസ്തകത്തിൽ വരുത്തിയിട്ടുളള രേഖപ്പെടുത്തലുകൾ സാധൂകരിക്കുന്നതിന് പര്യാപ്തമായ വാദഗതികൾ അല്ലായെന്ന് വിലയിരുത്തുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീമതി ഷീജാമോളുടെ ഭാഗത്തു നിന്നുണ്ടായ പ്രവൃത്തി ഗുരുതരമായ വീഴ്ചയായതിനാൽ പരാമർശം (1) പ്രകാരം ടിയാളുടെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞ് പഞ്ചായത്ത് ഡയറക്ടർ അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവായിരുന്നു.

അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിനെതിരെ ശ്രീമതി ഷീജാമോൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ 2165/2019 നമ്പർ കേസിന്മേലുളള 31/10/2019 തീയതിയിലെ പരാമർശം (3) വിധിന്യായത്തിൽ ഒന്നാം എതിർ കക്ഷിയായ സർക്കാർ ടിയാരിയെ നേരിൽ കേട്ട് , ടിയാരി സർക്കാർ മുൻപാകെ സമർപ്പിച്ച Anenxure A6 അപേക്ഷയിന്മേൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

ബഹു . കോടതിവിധിയുടെ അടിസ്ഥാനത്തിൽ ശ്രീമതി ഷീജാമോളെ 27.11.2020 ന് കേൾക്കുകയുണ്ടായി . നാവായിക്കുളം ഗ്രാമപഞ്ചായത്ത് കൗൺസിൽ 28.03.2016 ൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് താൻ നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ വിക്രമൻ പിളളയുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തിയതെന്നും ശ്രീ വിക്രമൻ പിളളയുടെ സേവനപുസ്തകത്തിലെ രേഖപ്പെടുത്തലുകൾ 'misconduct' ൽ ഉൾപ്പെടുന്നതല്ലായെന്നും അന്വേഷണ ഉദ്യോഗസ്ഥർ അത് misconduct' ആയി തെറ്റിദ്ധരിച്ച് അച്ചടക്കനടപടികൾ ആരംഭിച്ചതാണെന്നും ഒരു ജീവനക്കാരന്റെ ഭരണനടപടികൾ ഒരു വകുപ്പിന് ഹാനികരമാകുമ്പോഴോ , അല്ലെങ്കിൽ സാമ്പത്തിക നഷ്ടം വരുത്തുമ്പോഴോ മാത്രമേ ' misconduct' ആരോപിക്കാവൂ എന്നും ആരോപണ വിഷയം നിസ്സാരമായ ഒരു തെറ്റ് ആയി കണ്ട് അച്ചടക്കനടപടികളിൽ നിന്നും ഒഴിവാക്കി നൽകണമെന്നും ശ്രീമതി ഷീജാമോൾ അപേക്ഷിച്ചു . ആദ്യമായി സെക്രട്ടറിയായി ഏതാനും മാസങ്ങൾക്കുളളിൽ നടന്ന ഒരു വിഷയമായതിനാൽ സെക്രട്ടറി തസ്തികയിലുളള പരിചയ കുറവുമൂലം നടപടിക്രമങ്ങൾ പാലിക്കുന്നതിനെകുറിച്ച് പൂർണ്ണമായി ബോദ്ധ്യമില്ലായിരുന്നുവെന്നും ആയതിനാൽ വന്നുപോയ വീഴ്ച ഗുരുതരമായി കാണരുതെന്നും മേലിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതെ പ്രത്യേകം ശ്രദ്ധിച്ചുകൊളളാമെന്നും അച്ചടക്കനടപടികൾ സ്വീകരിക്കരുതെന്നും അപേക്ഷിച്ചു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി ഷീജാമോളുടെ വാദഗതികൾ തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെയും പഞ്ചായത്ത് ഡയറക്ടറുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ടിയാരിയുടെ ഭാഗത്തു നിന്നുണ്ടായിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണെന്ന്

ബോദ്ധ്യമായിട്ടുണ്ട്. എന്നാൽ ശ്രീമതി. ഷീജാമോൾ വളരെ നിസ്സാരമായ ഒരു തെറ്റായാണ് നാവായിക്കുളം ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ശ്രീ. വിക്രമൻ പിള്ളയുടെ സർവ്വീസ് ബുക്കിലെ രേഖപ്പെടുത്തലുകളെ ഇപ്പോഴും കാണുന്നത്. പഞ്ചായത്ത് സെക്രട്ടറി എന്ന ഉത്തരവാദിത്തമുള്ള തസ്തികയിൽ ജോലി നോക്കുന്ന ടിയാരി നാവായിക്കുളം ഗ്രാമപഞ്ചായത്ത് കൗൺസിൽ എടുത്തതെന്ന് അവകാശപ്പെടുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതുപോലുള്ള ഒരു ജീവനക്കാരന്റെ ഭാവിയെ തന്നെ ബാധിക്കുന്ന പ്രവർത്തികൾ ചെയ്യുന്നത് അംഗീകരിക്കാവുന്നതല്ല. . ആകയാൽ പുനഃപരിശോധനയിലും , ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞ പഞ്ചായത്ത് ഡയറക്ടറുടെ അച്ചടക്ക നടപടി എന്തുകൊണ്ടും അനിവാര്യമായ ഒന്നുതന്നെയെന്നാണ് കാണാൻ കഴിയുന്നത് . ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിർദ്ദേശാനുസരണം ടിയാരിയെ കേട്ടതിന്റെ അടിസ്ഥാനത്തിലും ടിയാളുടെ അപേക്ഷയിലെ വാദമുഖങ്ങൾ പരിശോധിച്ചതിൽ നിന്നും ടിയാളുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾക്ക് ആനുപാതികമായ ശിക്ഷയാണ് അച്ചടക്കാധികാരി ചുമത്തിയിട്ടുള്ളത് എന്നു കാണുന്നതിനാൽ ശിക്ഷാനടപടിയിൽ നിന്നും ഒഴിവാക്കണമെന്ന ടിയാരിയുടെ അപേക്ഷ നിരസിച്ചുകൊണ്ടും പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച ശിക്ഷണ നടപടികൾ ശരിവെച്ചുകൊണ്ടും ബഹു. ട്രൈബ്യൂണലിന്റെ വിധിന്യായം പാലിച്ച് ഉത്തരവാകുന്നു. പഞ്ചായത്ത് ഡയറക്ടർ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എ

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീമതി. എൻ. ആർ. ഷീജാമോൾ, പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം( ഉപരിപത്രം സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Valid

Digitally signed by SUDHEER S S
Date: 2021.04.16 16:57:41 IST
Reason: Approved

സെക്ഷൻ ഓഫീസർ